എച്ച്2/35637/14

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 01.08.2014

**സർക്കുലർ**

വിഷയം : **പൊതുവിദ്യാഭ്യാസം - തസ്തിക നിർണയം 2014-15 - തസ്തിക നഷ്ടമാകുന്ന അധ്യാപകരുടെ 15-07-2014 മുതലുള്ള ശമ്പളം നൽകുന്നത് സംബന്ധിച്ച്.**

സൂചന :
1. 01.10.2011 ലെ ജി.ഒ.(പി) നമ്പർ 199/2011/പൊ.വി.വ.
2. 29.11.2013 ലെ ജി.ഒ.(പി) നമ്പർ 313/2013/പൊ.വി.വ.
3. 04.07.2014 ലെ ജി.ഒ.(പി) നമ്പർ 124/2014/പൊ.വി.വ.
4. ഈ ഓഫീസിൽ നിന്നുള്ള 10.07.2014 ലെ ഇതേ നമ്പർ സർക്കുലർ

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 2014-15 വർഷത്തെ തസ്തിക നിർണയം പൂർത്തിയായിരിക്കുകയാണ്. സൂചന 2 മുതൽ 4 വരെയുള്ള ഉത്തരവുകളുടെയും സർക്കുലറിന്റെയും അടിസ്ഥാനത്തിൽ, 1:45 അനുപാതത്തിൽ നിലനിൽക്കാത്ത തസ്തികകൾ (2010-11 ൽ നിലവിലുള്ളത്) 1:30/1:35 അനുപാതത്തിലും ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽനിന്ന് ഒഴിവാക്കിക്കൊണ്ട് സൃഷ്ടിക്കുന്ന തസ്തികകളിലും സംരക്ഷിച്ചുകൊണ്ടാണ് തസ്തിക നിർണയം നടത്തിയിട്ടുള്ളത്. ഇപ്രകാരം സംരക്ഷണം നൽകിയിട്ടും അധികമാകുന്ന അധ്യാപകരുടെ 15-07-2014 മുതലുള്ള ശമ്പളം നൽകുന്ന കാര്യത്തിൽ നിരവധി വിദ്യാഭ്യാസ ഓഫീസർമാർ സ്പഷ്ടീകരണം ആവശ്യപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന അടിയന്തര നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 2014-15 വർഷം 1:45/1:35/1:30 അനുപാതത്തിലും, ഹെഡ്ടീച്ചർ ഒഴിവിലും നിലനിർത്തിയിട്ടുള്ള/സംരക്ഷിച്ചിട്ടുള്ള മുഴുവൻ അധ്യാപകർക്കും തുടർന്നും മുടക്കം കൂടാതെ ശമ്പളം നൽകേണ്ടതാണ്.

2. 2014-15 ൽ 1:35/1:30/ഹെഡ് ടീച്ചർ ഒഴിവ് എന്നീ സംരക്ഷണം നൽകിയിട്ടും തസ്തിക നഷ്ടമാകുന്ന അധ്യാപകരെയാണ് അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം അധ്യാപക ബാങ്കിലേക്ക് വരുന്ന അധ്യാപകരുടെ 15-07-2014 മുതലുള്ള ശമ്പളവും നൽകേണ്ടതാണ്. എന്നാൽ ഇവരുടെ ശമ്പളം നൽകുന്നതിനുമുമ്പ് "അധ്യാപക ബാങ്കിൽ ഉൾപ്പെടാനും ഇതു സംബന്ധിച്ച് സർക്കാർ രൂപവത്കരിക്കുന്ന നിയമങ്ങളും ചട്ടങ്ങളും അനുസരിക്കാനും സമ്മതമാണെന്ന" സത്യവാങ്മൂലം വാങ്ങി എ.ഇ.ഒ/ഡി.ഇ.ഒ മാർ മേലൊപ്പ് പതിച്ച് സൂക്ഷിക്കേണ്ടതാണ്. സത്യവാങ്മൂലത്തിന്റെ ഒരു പകർപ്പ് എ.ഇ.ഒ/ഡി.ഇ.ഒ മാർ വിദ്യാഭ്യാസ ഉപഡയറക്ടർക്കും നൽകേണ്ടതാണ്.

3. കോർപ്പറേറ്റ് മാനേജ്മെന്റ് ഉടമസ്ഥതയിലുള്ള സ്കൂളുകളിൽ 2014-15

വർഷത്തെ തസ്തിക നിർണയത്തിനുശേഷം സംരക്ഷിക്കപ്പെടാതെ പുറത്തായ അധ്യാപകരെ അവരുടെ സീനിയോറിറ്റി നോക്കി ക്രമീകരിക്കേണ്ടത് കോർപ്പറേറ്റ് മാനേജരുടെ ഉത്തരവാദിത്തമാണ്. എന്നാൽ ഇപ്രകാരം ഇപ്പോൾ സംരക്ഷിക്കപ്പെടാതെ പുറത്താകുന്ന അധ്യാപകർക്കും അവർ അധ്യാപക ബാങ്കിൽ ഉൾപ്പെടാൻ സമ്മതമാണെന്ന സത്യവാങ്മൂലം നൽകിയാൽ 15-07-2014 മുതലുള്ള ശമ്പളം നൽകേണ്ടതാണ്. ഇവരുടെ സീനിയോറിറ്റി പരിശോധിച്ച് കോർപ്പറേറ്റ് മാനേജർ ആഗസ്റ്റ് 20 നകം ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ ഇപ്പോൾ പുറത്താകുന്ന ഏതെങ്കിലും സീനിയർ ടീച്ചറിന്, ജൂനിയർ ടീച്ചർ സംരക്ഷിക്കപ്പെട്ടിട്ടുള്ള തസ്തിക ലഭിച്ചാൽ അവരുടെ സത്യവാങ്മൂലം പിൻവലിച്ച് പുതിയ ആളിനെ അധ്യാപക ബാങ്കിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

4. സർക്കാർ സ്കൂൾ അധ്യാപകരിൽ തസ്തിക നഷ്ടമാകുന്ന അധ്യാപകരെ ആഗസ്റ്റ് 12 നകംതന്നെ വിദ്യാഭ്യാസ ഉപഡയറക്ടർമാർ നിലവിലുള്ള ഒഴിവുകളിൽ / 1:35/1:30, ഹെഡ് ടീച്ചർ ഒഴിവ് അനുസരിച്ചുള്ള അധിക തസ്തികകളിൽ ക്രമീകരിക്കേണ്ടതാണ്. ഇവർക്കും 15-07-2014 മുതലുള്ള ശമ്പളം നൽകേണ്ടതാണ്.

അധ്യാപകർ നൽകേണ്ട സത്യവാങ്മൂലത്തിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**കെ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താക്കൾ

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

പകർപ്പ്

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. ഡയറക്ടറേറ്റിലെ പബ്ലിക് റിലേഷൻ ഓഫീസർ (പ്രസിദ്ധീകരണത്തിന്)
3. ഡയറക്ടറേറ്റിലെ എഫ്, ജി, ഇ.റ്റി, ഇ.എം, ഇ.സി, ആർ.എ, വിജിലൻസ്, ഓഡിറ്റ് സെക്ഷൻ സൂപ്രണ്ടുമാർക്കും യൂണിറ്റ് ഓഫീസർമാർക്കും.
4. കരുതൽ ഫയൽ

# സത്യപ്രസ്താവന

ഞാൻ ..................................................................................................(പേര്, തസ്തിക)
...................................................................................................സ്കൂളിൽ ...................................
മുതൽ .................................. വരെ റഗുലർ തസ്തികയിൽ .................................................
(തസ്തികയുടെ സ്വഭാവം) ആയി നിയമനാംഗീകാരത്തോടെ ജോലി നോക്കുകയും കുട്ടികളുടെ കുറവുമൂലം 15.07.2014 ന് തസ്തിക നഷ്ടപ്പെട്ടു പുറത്താവുകയും ചെയ്ത അധ്യാപകൻ/അധ്യാപികയാണ്. 1:35/1:30 അനുപാതത്തിൽ സൃഷ്ടിക്കുന്ന തസ്തികയോ ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കി സൃഷ്ടിക്കുന്ന തസ്തികയോ ഒന്നുംതന്നെ എനിക്ക് സ്കൂളിൽ ലഭ്യമല്ല. ഇപ്രകാരം യാതൊരു സംരക്ഷണത്തിനും അർഹതയില്ലാതെ തസ്തിക നഷ്ടപ്പെട്ട് പുറത്തായ ഞാൻ 'അധ്യാപക ബാങ്കിൽ' ഉൾപ്പെടാൻ സന്നദ്ധനാണെന്നും സർക്കാർ/ഡിപ്പാർട്ട്മെന്റ് നിർദേശിക്കുന്ന അധ്യാപക ബാങ്കിന്റെ ചട്ടങ്ങളും നിയമങ്ങളും പാലിക്കുമെന്നും ലഭിക്കുന്ന തുടർനിയമനങ്ങൾ സ്വീകരിക്കുമെന്നും ഇതിനാൽ സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു. ഈ സത്യപ്രസ്താവനയ്ക്ക് വിരുദ്ധമായി എന്തെങ്കിലും നടപടികൾ എന്നിൽനിന്ന് ഉണ്ടാവുകയാണെങ്കിൽ അധ്യാപകബാങ്കിലെ എന്റെ അംഗത്വം നഷ്ടപ്പെടുമെന്ന കാര്യം എനിക്ക് അറിവുള്ളതാണെന്നും ബോധിപ്പിക്കുന്നു.

ഞാൻ 15-07-2014 നുശേഷം ഗവണ്മെൻറിലോ, അർധ സർക്കാർ സ്ഥാപനങ്ങളിലോ, ഗവണ്മെൻറ് നേരിട്ടോ പരോക്ഷമായോ ശമ്പളം നൽകുന്ന മറ്റു സ്ഥാപനങ്ങളിലോ ജോലികളിൽ ഏർപ്പെട്ടിട്ടില്ലെന്നും സ്കൂളിൽതന്നെ തുടർന്നുവരികയാണെന്നും ബോധിപ്പിക്കുന്നു.

ഈ സത്യപ്രസ്താവനയിൽ ഏതെങ്കിലും തരത്തിലുള്ള ലംഘനം സംഭവിക്കുകയാണെങ്കിൽ ചട്ടപ്രകാരമുള്ള നിയമ നടപടികൾക്ക് വിധേയനാകേണ്ടി വരുമെന്നുള്ള കാര്യം എനിക്കറിയാമെന്നും സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

സ്ഥലം :
തീയതി :

ഒപ്പ് :
പേര് :
തസ്തിക :
സ്കൂളിന്റെ പേര് :

സ്ഥിര മേൽവിലാസം :

മുകളിൽ നൽകിയിട്ടുള്ള പ്രസ്താവന ഈ സ്കൂളിൽ ജോലി നോക്കുന്ന ................................................................................................. എന്ന അധ്യാപകൻ ഒപ്പുവച്ചിട്ടുള്ളതാണ്.

ഹെഡ്മാസ്റ്റർ :

മേലൊപ്പ്
എ.ഇ.ഒ/ഡി.ഇ.ഒ